നം. സി.1/18871/ടി.സി/07.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
കേരള, തിരുവനന്തപുരം,
തീയതി, 04.04.2008.

# സർക്കുലർ നം. 11/08

വിഷയം: മോട്ടോർ വാഹന വകുപ്പ്- ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ് ഏകീകൃത മാനദണ്ഡം നിർദ്ദേശിക്കുന്നത് സംബന്ധിച്ച്.

സൂചന:-

ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷക്ക് സംസ്ഥാനത്തെ വിവിധ ലൈസൻസിംഗ് അതോറിറ്റികൾ പല വിധത്തിലുള്ള മാനദണ്ഡങ്ങളാണ് സ്വീകരിച്ച് വരുന്നത്. ഒരു ഏകീകൃത മാനദണ്ഡം നടപ്പിലാക്കുന്നത് അപേക്ഷകർക്ക് സൗകര്യപ്രദമായിരിക്കും. ആയതിനാൽ അത്തരം അപേക്ഷകൾ പരിഗണിക്കുമ്പോൾ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

I ഡ്രൈവിംഗ് ലൈസൻസ് പരിപൂർണ്ണമായി നശിച്ചുപോവുകയും, തിരിച്ചു കിട്ടാനാവാത്ത വിധം നഷ്ടപ്പെടുകയോ ചെയ്താൽ

D.L.L.D. ഫോറത്തിനൊപ്പം

a. അറ്റസ്റ്റ് ചെയ്ത അപേക്ഷകന്റെ ഫോട്ടോ.

b. അപേക്ഷകൻ ലൈസൻസിംഗ് അതോറിറ്റി മുൻപാകെ ആവശ്യമായ തിരിച്ചറിയൽ രേഖകൾ സഹിതം ( ഉദാ:വോട്ടർ ഐഡന്റിറ്റി കാർഡ്, പാസ്പോർട്ട്, മുതലായവ ) നേരിട്ട് ഹാജരായി സ്വന്തം കൈപ്പടയിൽ എഴുതി നൽകുന്ന സത്യവാങ്മൂലം.

അല്ലെങ്കിൽ

വ്യക്തമായ കാരണങ്ങളാൽ നേരിട്ട് ഹാജരാകാൻ കഴിയാത്ത അപേക്ഷകൻ പ്രസ്തുത വിവരം അറിയിച്ച് കൊണ്ട് , ടിയാന് പകരമായി അപേക്ഷകനാൽ അധികാരപ്പെടുത്തിയ വ്യക്തി ടിയാനെയും അപേക്ഷകനെയും തിരിച്ചറിയാൻ ആവശ്യമായ തിരിച്ചറിയൽ രേഖകളുമായി ( ഉദാ:വോട്ടർ ഐഡന്റിറ്റി കാർഡ്, പാസ്പോർട്ട്, മുതലായവ ). 50 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന വിധത്തിലുള്ള സത്യവാങ്മൂലവുമായി ( അനുബന്ധം) LA/Adl.LA/Asst.LA - യുടെ മുമ്പിൽ ഹാജരാകേണ്ടതാണ്.

II. ഡ്രൈവിംഗ് ലൈസൻസ് ഭാഗീകമായി നശിച്ചുപോവുകയോ , ഫോട്ടോ നശിക്കുകയോ ചെയ്താൽ

D.L.L.D. ഫോറത്തിനൊപ്പം

a) അപേക്ഷകനെ തിരിച്ചറിയുന്നതിനായി അറ്റസ്റ്റ് ചെയ്ത ഫോട്ടോ.

b) ഭാഗീകമായി നശിച്ച ലൈസൻസ്

c) പഴയ ലൈസൻസിന്റെ ഫോട്ടോ കോപ്പി ഉണ്ടെങ്കിൽ അത്.

മേൽ കാണിച്ച രേഖകളുമായി Licensing Authority മുമ്പാകെ നേരിട്ട് ഹാജരായാൽ ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ് നൽകേണ്ടതാണ്.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്.

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

പകർപ്പ് : ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ ക്ക്, സീനിയർ ഡി.റ്റി.സി.& സെക്രട്ടറി എസ്.റ്റി.എ, സീനിയർ എ.ഒ., സീനിയർ എഫ്.ഒ., എ.റ്റി.സി, റ്റി.സി.സ്ക്വാഡ്, ഈ ഓഫീസിലെ എല്ലാ സെക്ഷൻ ഹെഡുകൾക്കും സെക്ഷനുകൾക്കും.

| |
|---|
| ഫോട്ടോ<br>നോട്ടറി<br>പബ്ലിക്<br>അറ്റസ്റ്റ്<br>ചെയ്തത് |

സത്യവാങ്മൂലം

........................താലൂക്ക് .... ...........കരയിൽ (വീട്ടു നമ്പർ/പേര്)

വീട്ടിൽ താമസം ........................ ........... (പിതാവിന്റെ പേര്)

...............മകൻ (പേര്) .. ................... വയസ്സ്.

.................. ആർ.ടി./ സബ് ആർ.ടി ഓഫീസിൽ Licensing Authority

മുമ്പാകെ ......-ാം മാണ്ട് ........... ................ .മാസം

................ .......തീയതി എഴുതി സമർപ്പിക്കുന്ന സത്യവാങ്മൂലം.

എനിക്ക് ..................തീയതിയിൽ ഈ Authority യിൽ നിന്നും

........... നമ്പരായി .................. വാഹനങ്ങൾ ഓടിക്കുന്നതിനായുള്ള

ലൈസൻസ് ലഭിച്ചിട്ടുള്ളതും ടി.ലൈസൻസിന് ..................വരെ

കാലാവധിയുള്ളതുമാകുന്നു. എന്നാൽ കഴിഞ്ഞ ........................

മാസക്കാലമായി ടി.ലൈസൻസ് എന്റെ പക്കൽ നിന്നും നഷ്ടപ്പെട്ടിട്ടുള്ളതുമാകുന്നു.

..........................................................................................................

..........................................................................................................

..........................................................................................................

( കാരണം വിശദമാക്കുക)

ടി.ലൈസൻസ് തിരികെ ലഭിക്കാത്ത വിധം എന്റെ പക്കൽ നിന്നും നഷ്ടപ്പെട്ടിട്ടുള്ളതും ടി.ലൈസൻസ് തിരികെ ലഭിക്കുന്നതിനായി എന്റെ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുള്ളതും ,നഷ്ടപ്പെട്ട വിവരം പോലീസിൽ അറിയിച്ചിട്ടുള്ളതും;

ആയതിന് പോലീസ് അധികൃതരിൽ നിന്നും മറുപടി ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതും ആകുന്നു.

എന്റെ ഡ്രൈവിംഗ് ലൈസൻസ് ഞാൻ ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിനാൽ പോലീസ്, ഫോറസ്റ്റ് എക്സൈസ്, മോട്ടോർ വാഹന വകുപ്പ്, കോടതി തുടങ്ങിയ ഏതെങ്കിലും വകുപ്പ് അധികൃതരോ , സർക്കാരിതര ഏജൻസികളോ പിടിച്ച് വച്ചിട്ടുള്ളതോ അല്ല. ടി. ലൈസൻസ് ഞാൻ പണസംബന്ധമായോ മറ്റ് ക്രയവിക്രയ സംബന്ധമായോ പണയം വച്ചിട്ടുള്ളതോ അല്ല.

എന്റെ ലൈസൻസ് , ക്യാൻസൽ ചെയ്യുകയോ , സസ്പെൻഡ് ചെയ്യുകയോ , ചെയ്തിട്ടുള്ളതല്ല. നഷ്ടപ്പെട്ടിട്ടുള്ള ലൈസൻസ് തിരികെ ലഭിക്കുന്ന പക്ഷം ടി.അതോറിറ്റി മുമ്പാകെ തിരികെ ഏൽപ്പിച്ചുകൊള്ളാം.

ലൈസൻസ് നഷ്ടപ്പെട്ട വിവരം ടി.അതോറിറ്റിയിൽ യഥാസമയം അറിയിക്കാത്തത് മാപ്പാക്കണമെന്നും , മേൽ വിവരിച്ച എല്ലാ കാര്യങ്ങളും സത്യമാണെന്നും,ആയതിന് വിരുദ്ധമായോ അസത്യമായോ എന്തെങ്കിലും കണ്ടുപിടിക്കപ്പെട്ടാൽ സർക്കാരിനും മോട്ടോർ വാഹന വകുപ്പിനും ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും , ഞാനും എന്റെ കുടുംബാംഗങ്ങളും എന്റെ സ്ഥാവര ജംഗമ വസ്തുക്കളും ഉത്തരവാദിയായിരിക്കുമെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്

സാക്ഷികൾ

ഒപ്പ്

1.

പേര്

2.

അഡ്രസ്സ്.